QP CODE: 21101295

21101295

Reg No : ....................

Name : ....................

# B.A DEGREE (CBCS) EXAMINATION, APRIL 2021

## Sixth Semester

## CORE - ML6CRT12 - VYAKARANAM, BHASHACHARITHRAM

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

ECC66A50

Time: 3 Hours Max. Marks : 80

***Instructions to Private candidates only**: This question paper contains two sections. Answer **SECTION I** questions in the answer-book provided. **SECTION II**, Internal examination questions must be answered in the question paper itself. Follow the detailed instructions given under **SECTION II***

## SECTION I

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. കേരളപാണിനീയത്തിന് മലയാള വ്യാകരണപഠനത്തിലുള്ള പ്രാധാന്യമെന്ത്?
2. മലയാളത്തിലെ ചില്ലുകൾ - കുറിപ്പെഴുതുക.
3. ദ്വിത്വസന്ധിയുടെ വിഷയം വ്യഞ്ജനം മാത്രമാണെന്നു പറയാൻ കാരണമെന്ത്?
4. "സംഖ്യാവിശേഷണം ചേർന്നാൽ
   ക്ലീബേവേണ്ട ബഹുക്കുറി" - ആശയമെന്ത്?
5. സമാസവിഭക്തി - കുറിപ്പെഴുതുക.
6. അനുനാസികസംസർഗ്ഗം- വിശദമാക്കുക.
7. കാരിതം, അകാരിതം എന്നുള്ള വിഭജനത്തിന്റെ അടിസ്ഥാനമെന്ത്?
8. ഭാഷയിലെ നിഷേധരൂപസിദ്ധിയെക്കുറിച്ച് പ്രതിപാദിക്കുക.
9. നാമധാതു എന്നാലെന്ത്? രൂപീകരണപ്രക്രിയകൾ ഉദാഹരണങ്ങൾ എടുത്തുകാട്ടി വിശദമാക്കുക.
10. തൽപുരുഷസമാസത്തിന്റെ സവിശേഷതയെന്ത്?
11. പാട്ടുഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം?

12. മിഷനറിഗദ്യത്തിന്റെ പ്രത്യേകതയെന്ത്?

(10×2=20)

**പാർട്ട് ബി**

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും ***5*** മാർക്ക് വീതം.

13. വർണ്ണം, അക്ഷരം, ലിപി എന്നീ സംജ്ഞകളുടെ സാങ്കേതികാർത്ഥം വിവരിക്കുക.
14. ദ്യോതകങ്ങളുടെ സവിശേഷതയെന്ത്? അവയെ തരംതിരിക്കുന്നത് എപ്രകാരം?
15. മലയാളത്തിലെ സ്ത്രീലിംഗപ്രത്യയങ്ങളേതെല്ലാം? വിവിധരൂപങ്ങൾ ഉദാഹരണങ്ങൾ ഉദ്ധരിച്ച് വിശദമാക്കുക.
16. മലയാളത്തിലെ വ്യുൽപന്ന നാമരൂപങ്ങൾ ഏതെല്ലാം?
17. ഭാഷാപ്രയോഗത്തിൽ പ്രകാരങ്ങൾക്കുള്ള പ്രാധാന്യമെന്ത്?
18. കർമ്മണിപ്രയോഗം എന്നാലെന്ത്? ഇതു ഭാഷാശൈലിക്കു ചേർന്നതാണോ? പരിശോധിക്കുക.
19. ഭേദകത്തെ ഒരു പ്രത്യേകശബ്ദവിഭാഗമായി പരിഗണിക്കണമോ? ചർച്ചചെയ്യുക.
20. മലയാളമെന്ന പദത്തിന്റെ നിരുക്തിയെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ പരിശോധിക്കുക.
21. കേരളഭാഷയുടെ വികാസപരിണാമങ്ങൾക്കിടയിലെ വിവിധ ഘട്ടങ്ങൾ ഏവ?

(6×5=30)

**പാർട്ട് സി**

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും ***15*** മാർക്ക് വീതം.

22. കേരളപാണിനി ചൂണ്ടിക്കാണിക്കുന്ന ശ്രുതിഭേദകാരണങ്ങൾ ഏതെല്ലാം? വിവരിക്കുക.
23. കേരളപാണിനി നിർദ്ദേശിച്ച വിഭക്തി സംജ്ഞകളുടെ സാംഗത്യം ചർച്ചചെയ്യുക.
24. മലയാളത്തിലെ വാക്യഘടന വിശകലനംചെയ്ത് വ്യത്യസ്തവാക്യരീതികൾ പരിചയപ്പെടുത്തുക.
25. മലയാളഭാഷോത്പത്തിയെ സംബന്ധിച്ചുള്ള വ്യത്യസ്ത വാദഗതികൾ സംഗ്രഹിച്ചെഴുതുക.

(2×15=30)